പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5136 — 05.07.2012-ൽ മറുപടിയ്ക്ക്

# സംയോജിത ഊർജ്ജ വികസന പദ്ധതി

| ചോദ്യം<br>ശ്രീ. ഇ. കെ. വിജയൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പദ്ധതിയാണ് കേരളത്തിൽ നടപ്പിലാക്കുന്നത് ; | (എ) സംയോജിത ഊർജ്ജ വികസന പദ്ധതി എന്ന പേരിൽ പദ്ധതി നിലവിലില്ല. എന്നാൽ പുന:ക്രമീകൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി (R.AP.DR.P) പ്രകാരം കേരളത്തിൽ 43 ടൗണുകളിൽ 1170 കോടി രൂപയുടെ പദ്ധതി രണ്ടു ഭാഗങ്ങളായി നടപ്പിലാക്കി വരുന്നു. |
| (ബി) ഊർജ്ജ മന്ത്രാലയം നിഷ്ക്കർഷിക്കുന്ന സമയത്തിനകം പദ്ധതി പൂർത്തിയാക്കിയാൽ വായ്പയുടെ എത്ര ശതമാനമാണ് ഗ്രാൻറായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഊർജ്ജ മന്ത്രാലയം നിഷ്ക്കർഷിക്കുന്ന സമയത്തിനകം പ്രസ്തുത പദ്ധതി വിജയകരമായി പൂർത്തിയാക്കിയാൽ ഒന്നാം ഭാഗത്തിന് വായ്പാതുക പൂർണ്ണമായും ഗ്രാൻറായി ലഭിക്കുന്നതാണ്. രണ്ടാം ഭാഗം വിജയകരമായി പൂർത്തിയാക്കുകയും സാങ്കേതിക വാണിജ്യനഷ്ടം 15% ആക്കി 5 വർഷക്കാലം നിലനിർത്തുകയും ചെയ്താൽ പദ്ധതി തുകയുടെ 50% വരെ ഗ്രാൻറായി ലഭിക്കുന്നതാണ്. |
| (സി) ഈ പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത് ; ഇതുവരെയായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; പദ്ധതി പൂർത്തിയാക്കേണ്ട കാലാവധി എന്നാണ് അവസാനിക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) ഈ പദ്ധതിയുടെ ഒന്നാം ഭാഗം കൊറിയൻ കമ്പനിയായ കെ. ഡി. എൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസുമായി (WP (C) No. 311/2011) ബന്ധപ്പെട്ട നടപടികളെ തുടർന്ന് 08-05-12-വരെ തടസ്സപ്പെട്ടിരുന്നതിനാൽ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതേയുള്ളൂ. രണ്ടാം ഭാഗത്തിലെ പ്രവൃത്തികൾ ചെയ്യുന്നതിനായി 96.36 കോടി രൂപ ഇതുവരെ ചെലവായിട്ടുണ്ട്. 11 കെ. വി ലൈനുകളുടെ നിർമ്മാണം, റീകണ്ടക്ടറിംഗ്, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, എൽ. ററി. ലൈനുകളുടെ നിർമ്മാണം, കേടായ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ, പുതിയ 33 കെ. വി സബ്സ്റ്റേഷനുകളുടെ നിർമ്മാണം, കപ്പാസിറ്റി കൂട്ടൽ തുടങ്ങിയ പ്രവൃത്തികളാണ് പദ്ധതിയുടെ രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

പദ്ധതിയുടെ ഒന്നാം ഭാഗത്തിൻെറ കാലാവധി 2012 നവംബറിലും രണ്ടാം ഭാഗത്തിൻെറ കാലാവധി 2013-14 കാലയളവിലും അവസാനിക്കുന്നതാണ്. ബഹു. ഹൈക്കോടതിയുടെ 08-05-2012-ലെ വിധിന്യായത്തിൽ പദ്ധതിയുടെ ഐ. ടി. ഇംപ്ളിമെൻേറഷൻെറ കാലാവധി നീട്ടി നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും പി. എഫ്. സി യോടും നിർദ്ദേശിച്ചിട്ടുണ്ട്. രണ്ടാം ഭാഗത്തിൻെറ പൂർത്തീകരണ കാലയളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ.**

5136

## Annexure

| R-APDRP Part-B Projects- Date of completion | | |
|---|---|---|
| Sl no | Name of Town/project | Date of completion |
| 1 | Alappuzha | 02.06.2013 |
| 2 | Aroor | 02.06.2013 |
| 3 | Attingal | 16.08.2013 |
| 4 | Chalakudy | 16.08.2013 |
| 5 | Changanacherry | 16.08.2013 |
| 6 | Cherthala | 16.08.2013 |
| 7 | Chittur -Tattamangalam | 02.06.2013 |
| 8 | Chokli-Peringathur | 02.06.2013 |
| 9 | Guruvayur | 16.08.2013 |
| 10 | Kanhangad | 16.08.2013 |
| 11 | Kannur | 16.08.2013 |
| 12 | Kasaragod | 16.08.2013 |
| 13 | Kayamkulam | 02.06.2013 |
| 14 | Kochi | 22.02.2014 |
| 15 | Kodungallur | 08.12.2013 |
| 16 | Kollam | 16.08.2013 |
| 17 | Kothamangalam | 16.08.2013 |
| 18 | Kottayam | 08.12.2013 |
| 19 | Koyilandy | 16.08.2013 |
| 20 | Kozhikode | 22.02.2014 |
| 21 | Kunnamkulam | 02.06.2013 |
| 22 | Malappuram | 02.06.2013 |
| 23 | Mattannur | 16.08.2013 |
| 24 | Nedumangad | 16.08.2013 |
| 25 | Neyyattinkara | 02.06.2013 |
| 26 | Ottapalam | 08.12.2013 |
| 27 | Palakkad | 08.12.2013 |
| 28 | Pappinissery | 16.08.2013 |
| 29 | Paravur | 16.08.2013 |
| 30 | Pathanamithitta | 16.08.2013 |
| 31 | Payyanur | 02.06.2013 |
| 32 | Perinthalmanna | 16.08.2013 |
| 33 | Ponnani | 16.08.2013 |
| 34 | Punalur | 02.06.2013 |
| 35 | Shoranur | 08.12.2013 |
| 36 | Thaliparamba | 08.12.2013 |
| 37 | Thiruvalla UA | 16.08.2013 |
| 38 | Thodupuzha | 16.08.2013 |
| 39 | Thrissur | 08.12.2013 |
| 40 | Tirur | 02.06.2013 |
| 41 | Vadakara | 08.12.2013 |
| 42 | Varkala | 16.08.2013 |

സെക്ഷൻ ഓഫീസർ